വൈസ് ചാൻസലർ

*൪൩൨. (൪൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈസ് ചാൻസലർ ശ്രീ. നന്ദൻമേനോൻ തൽസ്ഥാനം രാജി വെച്ചുകൊണ്ടുള്ള എഴുത്ത് ഗവണ്മെണ്ടിലേക്ക് സമർപ്പിച്ചു എന്ന കേൾക്കുന്നതിൽ വല്ല വാസ്തവവുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) പകരം ആരെയാണ് നിയമിക്കുവാൻ ഉദ്ദേശിക്കുന്നത്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവണ്മെണ്ടിലേക്ക് സമർപ്പിച്ചില്ല. രാജി സമർപ്പിച്ചത് ചാൻസലർ തിരുമനസ്സിലേക്കാണ്.

(ബി) ഗവണ്മെണ്ടിനെ അറിയിച്ചിട്ടില്ല.

(സി) ആ കാര്യം തീരുമാനിച്ചിട്ടില്ല.

പണിമുടക്കുകളും ലാക്കൗട്ടുകളും

*൪൩൩. (൪൨) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ.—

പണിമുടക്കുകളും ലാക്കൗട്ടുകളും അസാദ്ധ്യമാക്കിത്തീർക്കുന്ന ഒരു ഉത്തരവ് കമ്മ്യൂണിസ്റ്റ് ചൈനാ ഗവണ്മെണ്ട് പുറപ്പെടുവിച്ചിരിക്കുന്നതായും, ആ ഉത്തരവ് ഉന്നപ്രകാരമെന്നു വിവരിച്ചും ഫ്രൻ ൫൦ നവമ്പർ ൩൦-ാംനു-യിലെ മലയാളമനോരമയിൽ പ്രസിദ്ധം ചെയ്തിരുന്ന വാർത്ത ഗവണ്മെണ്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

ഉണ്ട്.

ഇൻഡ്യാഗവണ്മെണ്ടിലേക്ക് തടി

*൪൩൪. (൪൯) സാഹിബ് ബഹദൂർ വി. ചേലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വനംവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.

തിരു–കൊച്ചി സംസ്ഥാനത്തിൽനിന്നും കുറെ മരം ഇൻഡ്യാ ഗവണ്മെണ്ടിലേക്ക് കൊടുക്കാമെന്ന ഇയ്യിടെ വല്ല കരാറും ഉണ്ടായിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

ഇന്ത്യാഗവണ്മെണ്ടിന്റെ സപ്ലൈ വകുപ്പിലെ ആവശ്യത്തിലേക്ക് ൫൭൦൦ ടൺ പാഴ് മരപ്പലക (softwood planks) വിൽക്കുന്നതിനു ഫ്രൻ ൫൦-ൽ ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

KOTTAPADY PRIMARY SCHOOL

*435. (60) Sri. N. P. Verghese: Will the Hon'ble Minister for Education be pleased to state. –

(a) whether the people of North Kottapady in Muvatupuzha taluk applied for a primary school in North Kottapady in 1121,

LIBRARY ARCHIVES Kerala Legislative Assembly